# PETALS

## of Malankara

LUCKY DRAW

See Page - No 12

Gold Coin to The Winner



**575+** Crore Business

**19500+** Depositors

**41200+** Happy Members

**35600+** Loanees

Vol:17 | Issue : May 2023

Photography by Reshma KR

PETALS of Malankara

# MALANKARA CREDIT SOCIETY LTD

LIBERTY THROUGH CO OPERATION

REGD. OFFICE: 4th FLOOR, WEST FORT TOWER, WEST FORT JN.,THRISSUR, KERALA-680004

REG. NO. MSCS/CR/297/2008

MALANKARA MULTI STATE CO-OPERATIVE CREDIT SOCIETY LIMITED

*Registered Under*

MINISTRY OF CO-OPERATION, GOVT. OF INDIA

www.mmsccs.com | info@mmsccs.com | Toll-free: 1800 313 1223



BOCHE

(Dr. BOBY CHEMMANUR)

812 Km. Run Unique World Record & Guinness Record Holder : World Peace

Social Worker | Sportsman | Businessman | Motivator | Entertainer

Chairman & Managing Director Boby Group of Companies

PETALS of Malankara

Corporate Monthly E-Magazine of

**Malankara Credit Society**

Printed and Published by:

**Mr.Jisso Baby**

CMD

**Editorial Board**

**Chief Editor**

**Mrs.Mariyama Pious**

Vice Chairman

**Associate Editor**

**Mr. Jose Mohan**

Vice President

**Members**

**Jose ML**

**Christo Johny**

**Aiswarya Sanesh**

**Neethu VN**

**Sadhik Aboobaker**

**Design & Layout**

**Domson Simon**

## Objectives:

TO

- Instil a sense of belonging and involvement
- Appreciate and upload the achievements
- Act as a communication medium
- Increase the professional competence

## Lucky Draw Contest for Malankara Members

GOLD COIN to the winner



**Malankara Credit Society employees are not eligible for the contest**

Please read the EMagazine to qualify for lucky draw contest.



# MESSAGE



Jisso Baby
CMD

## Request for all members

**ലോകത്തിലെ ആയിരകണക്കിന്, ലക്ഷക്കണക്കിന്, കോടിക്കണക്കിന് ജനങ്ങൾക്ക് ഒരു നന്മയെങ്കിലും ചെയ്യുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുക**

പ്രിയ സുഹൃത്തുക്കളെ,

### ആശയങ്ങൾ കുമിഞ്ഞു കൂടുമ്പോൾ.....

നല്ല ആശയങ്ങളും ചിന്തകളും നമ്മുടെ മനസ്സിൽ നിറയുമ്പോൾ നമ്മുടെ ജീവിതം കൂടുതൽ ലക്ഷ്യബോധമുള്ളതും മികച്ചതും ആകുന്നു. ഇതുപോലെ തന്നെ നമ്മുടെ നല്ല ആശയങ്ങൾ അഥവാ സൂത്രങ്ങൾ പങ്കുവെക്കുക വഴി നമ്മുടെ സൊസൈറ്റിയുടെ പ്രവർത്തനം മികച്ചതാക്കാൻ നമുക്ക് കഴിയും. നിങ്ങളെല്ലാവരും സൊസൈറ്റിയുടെയും മെമ്പർമാരുടെയും ഉന്നമനത്തിന് വേണ്ടി ചിന്തിക്കുന്നവരാണ്. നിങ്ങളുടെ മനസ്സിലും നല്ല ആശയങ്ങൾ വന്നു പോകുന്നുണ്ടാകാം, ഇനി മുതൽ അങ്ങനെ വരുന്ന നല്ല ആശയങ്ങൾ സൊസൈറ്റിയുടെ ബോർഡുമായി പങ്കുവെക്കൂ ബോർഡ് അത് പരിശോധിച്ച് ശരിക്കും ഇവ പ്രവർത്തികമാണെങ്കിൽ നടപ്പാക്കി സൊസൈറ്റിയുടെയും മെമ്പർമാരുടെയും ഉന്നമത്തിന് വേണ്ടി പ്രാവർത്തികമാക്കാം. ഈ തിരഞ്ഞെടുക്കുന്ന മികച്ച ആശയങ്ങൾ പങ്കുവെക്കുന്നവർക്ക് മികച്ച സമ്മാനങ്ങളും കാത്തിരിക്കുന്നു.

നിങ്ങൾ ചെയ്യേണ്ടത് ഇത്ര മാത്രം നിങ്ങളുടെ മനസ്സിൽ തോന്നുന്ന നല്ല ആശയങ്ങൾ അഥവാ സൂത്രങ്ങൾ ഒരു പേജിൽ കൂടാതെ മലയാളത്തിലോ ഇംഗ്ലീഷിലോ എഴുതി അത് പ്രാവർത്തികമാക്കാനുള്ള വഴികളും ഒരു പേജിൽ കൂടാതെ എഴുതി ideas@mmsccs.com എന്ന ഈമെയിലിലേക്കോ അല്ലെങ്കിൽ 9072598117 എന്ന ഫോൺ നമ്പറിലേക്കോ വാട്സാപ്പ് സന്ദേശമായോ അയക്കുക. തിരഞ്ഞെടുക്കുന്ന ആശയങ്ങൾ പ്രാവർത്തികമാക്കുകയും ഇനി വരുന്ന ലക്കങ്ങളിൽ പ്രസിദ്ധീകരിക്കുകയും ചെയ്യും. കൂടാതെ തിരഞ്ഞെടുക്കുന്ന ആശയങ്ങൾ അയക്കുന്നവരെ കാത്തിരിക്കുന്നത് കൈ നിറയെ സമ്മാനങ്ങളുമാണ്. നിങ്ങളേവരും നിങ്ങളുടെ നല്ല ആശയങ്ങൾ അയച്ചു തന്നു  മലങ്കര ക്രെഡിറ്റ് സൊസൈറ്റിയുടെ അംഗങ്ങളുടെ ഉന്നമനം യാഥാർഥ്യമാക്കുകയും അങ്ങിനെ ലോകത്തിലെ ആയിരകണക്കിന് ലക്ഷകണക്കിന് കോടികണക്കിന് ജനങ്ങൾക്ക് ഒരു നന്മയെങ്കിലും ചെയ്യുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കുകയും ചെയ്യുക.




എന്ന്,

ജിസോ ബേബി



# പാദസരം



**LISNA JAMES**
Sr. Executive - Daily Loan - Credits

ഫ്ളാറ്റിനു പുറത്ത് മഴ പെയ്തുകൊണ്ടിരുന്നു. മനോഹരമായ വെള്ള പളുങ്കുമണികൾ നേർത്ത തേങ്ങലോടെ മെല്ലെ അടർന്നുവീണു. അയാൾ ഓർക്കുകയായിരുന്നു. മഴ സംഗീതം പോലെയാണ്. നിരന്തരമായി ചെയ്യുന്ന സാധകത്തിലൂടെ ശ്രുതിയിടറാതെ, ഒരു അനന്തസാഗരത്തിലെ തിരമാലകൾ പോലെ. ഒരിക്കൽ ശ്രുതിയിടറിയാൽ, ശബ്ദം നിലച്ചു പോയാൽ ജീവിതം തന്നെ നഷ്ടപ്പെടുന്ന അവസ്ഥ.

തണുപ്പ് അരിച്ചിറങ്ങുമ്പോഴും അയാൾ വല്ലാതെ വിയർത്തു. കട്ടിലിന്റെ ക്രാസിൽ കിടന്ന ടൗവലെടുത്ത് മുഖം അമർത്തിതുടച്ചു. പിന്നെ തലയിണയിലേക്കു മുഖം പൂഴ്ത്തി. എവിടെ നിന്നോ നേർത്ത പാദസരത്തിന്റെ താളം അയാളുടെ കാതുകളിൽ മുഴങ്ങി. ഓർമ്മകളുടെ പുസ്തകത്താളുകൾ മെല്ലെ മറിച്ചപ്പോൾ മങ്ങിയ ലിപികളാൽ എഴുതപെട്ട വാചകങ്ങൾ അയാൾ വായിച്ചു കൊണ്ടിരുന്നു.

ക്യാമ്പസിന്റെ ഇടനാഴികൾ എന്നും ശബ്ദമുഖരിതമായിരുന്നു. വലിയ ആരവങ്ങളുടെ മധ്യത്തിൽ അത്ഭുതം നിറഞ്ഞ വലിയ കണ്ണുകളുള്ള ശ്രുതി. ആ പേര് അയാളുടെ ഹൃദയത്തിൽ ഒരു വലിയ പോറലേൽപ്പിച്ചു. ശ്രുതിയുടെ പാദസരത്തിന്റെ താളം അയാളുടെ ഹൃദയമിടിപ്പിനെ വേഗതയിലാക്കിയിരുന്നു. നിരാശ നിഴലിക്കുന്ന അവളുടെ മുഖത്തു ആ വലിയ കണ്ണുകൾ ഒരു ഭാരമാണെന്നു അയാൾക്ക് തോന്നിയിരുന്നു. പരിഭവങ്ങളില്ലാത്ത ആ മുഖത്തേക്ക് നോക്കിയിരിക്കുമ്പോൾ അവളുടെ കണ്ണുകളെ നേരിടാൻ പലപ്പോഴും അയാൾക്ക് പ്രയാസം തോന്നിയിരുന്നു. അങ്ങിങ്ങായി ചിതറികിടക്കുന്ന എണ്ണമയമില്ലാത്ത നീ മുടിയിഴകൾ ഇളം കാറ്റിന്റെ കുസൃതിക്ക് വിട്ടുകൊടുത്ത് നിസംഗയായി അവൾ ഇരുന്നിരുന്നു. പഠനം പൂർത്തിയാക്കി ക്യാമ്പസിന്റെ പടികളിറങ്ങുമ്പോൾ പതിവില്ലാതെ അവൾക്കെന്തൊക്കയോ പറയാനുണ്ടായിരുന്നു. ഒരിക്കൽക്കൂടി അവളുടെ മൗനം നിറഞ്ഞ കണ്ണുകളിലേക്ക് നോക്കിയിരിക്കാൻ അയാൾ വല്ലാതെ കൊതിച്ചു. പിന്നീട് ഒന്നും പറയാതെ ഒരു മാർച്ചുമാസത്തിന്റെ അടക്കാനാവാത്ത വേദന മാത്രം ബാക്കിയാക്കി ആ പാദസരത്തിന്റെ താളം അകന്നകന്നു പോയി. ഒരു യാത്രാമൊഴി അയാൾ പ്രതീക്ഷിച്ചെങ്കിലും അതുണ്ടായില്ല. അല്ലെങ്കിലും അവൾ ഒരു അത്ഭുതമാണെന്ന് അയാൾക്കറിയാമായിരുന്നു. ഒരു നിമിഷത്തേക്ക് പോലും ആ വൈചിത്ര്യത്തിന്ന് മാറ്റമൊന്നും ഉണ്ടായിട്ടില്ലെന്ന് ആർദ്രതയോടെ അയാളോർത്തു.

നീണ്ട ഏഴുവർഷങ്ങൾക്കു ശേഷം അവിചാരിതമായ ഒരു കണ്ടുമുട്ടൽ, ശൂന്യത നിറഞ്ഞ മിഴികളിൽ അയാൾ കണ്ടത് നിരാശയുടെ കറുത്ത നിഴലുകളായിരുന്നു. സ്ഥലകാല ബോധമില്ലാത്തതുപോലെ അവൾ തന്റെ വലിയ കണ്ണുകൾ വലിച്ചു തുറന്ന് അയാളെ മിഴിച്ചു നോക്കി. ഇരുവരെയും തടഞ്ഞുവച്ചിരുന്ന സ്നേഹത്തിന്റെ ഉറവ പൊടിയുന്നത് അയാളറിഞ്ഞു. അയാൾ മെല്ലെ പുഞ്ചിരിച്ചു. മഴയുടെ നേർത്ത ആ ചാറ്റലേറ്റ് അയാളുടെ ഹൃദയം തരളിതമായിരുന്നു. കാത്തിരിപ്പിന്റെ വലിയ വേദന അയാളുടെ കണ്ണുകളിൽ ഊറിക്കൂടുന്നതായി അയാൾക്ക് തോന്നി. പതിയെ എന്തോ പറയാനാഞ്ഞപ്പോഴാണ് അയാൾ അത് കണ്ടത്. കുടക്കമ്പിയിൽ നിന്നിറ്റു വീണ ഒരു മഴത്തുള്ളി ശ്രുതിയുടെ സീമന്തരേഖയിൽ സിന്ദൂരം ചാലിക്കുകയാണ്. വലിയ ഒരു കുന്നിൻ ചെരുവിൽ നിന്നും കാലിടറിപ്പോയ പ്രതീതിയാണ് അയാൾക്കുണ്ടായത്. മനസ്സ് നീറിപ്പുകഞ്ഞുകൊണ്ടിരിക്കുമ്പോൾ നിസംഗത നിറഞ്ഞ ആ പാദസരം മെല്ലെ അകന്നു നീങ്ങി. പതിവു പോലെ തന്നെ യാത്ര പറയാതെ...

അന്ധകാരത്തെ കൂട്ടുപിടിച്ച് ശോകമൂകമായി നിന്ന ഫ്ളാറ്റിൽ നിശീഥിനിയുടെ നീലയാമങ്ങൾ പുണരുമ്പോൾ അയാൾ പാതിമയക്കത്തിലായിരുന്നു. ഉയർന്നുപൊങ്ങുന്ന മഞ്ഞിന്റെ പുകച്ചുരുളുകളിൽ നിന്നും ഒരു പാദസരത്തിന്റെ നാദം അവ്യക്തമായി അയാൾ കേട്ടു. വെൺമേഘം പോലെ മൂടി നിൽക്കുന്ന കോടമഞ്ഞിനെ വശങ്ങളിലേക്ക് വകഞ്ഞുമാറ്റി യാന്ത്രികമായി അയാൾ മുന്നോട്ടു ചലിച്ചു. മനോഹരമായ ഉദ്യാനത്തിന്റെ മദ്ധ്യത്തിൽ ശ്രുതി അയാളെ കാത്തിരിക്കുകയായിരുന്നു. നെറ്റിയിലെ സിന്ദൂരപൊട്ടും മുഖത്തെ നിസ്സംഗഭാവവും അപ്രത്യക്ഷമായിരിക്കുന്നതായി അയാൾ കണ്ടു. ഒരു മഞ്ഞിൻ കണം അവളുടെ കവിളിലേക്ക് അടർന്നു വീണു. ഒരു തണുത്ത കാറ്റ് അവരെ പൊതിഞ്ഞപ്പോൾ അയാൾ അവളെ ചേർത്തു പിടിച്ചു നടന്നു. സ്വപ്നങ്ങളുടെ മായാലോകത്തിലകപ്പെട്ടുപോയ അയാളുടെ ഫ്ളാറ്റിനു പുറത്തു നേർത്ത പാദസരത്തിന്റെ സംഗീതത്തിലലിഞ്ഞ് ശ്രുതിയിടറാതെ, മഴ പെയ്തുകൊണ്ടിരുന്നു.

# ಹೊಂದಾಣಿಕೆ

ಬಹಳ ಹಿಂದೆ ವಿರಾನಿ ಪಟ್ಟಣವನ್ನು ಒಬ್ಬ ಅತ್ಯಂತ ಸಮರ್ಥ ನಾದ ಅರಸ ಆಳುತ್ತಿದ್ದ .ಅವನ ಶಕ್ತಿ ಕಂಡು ವೈರಿಗಳು ಹೆದರುತ್ತಿದ್ದರು.ಅವನ ಬುದ್ದಿಮತ್ತೆಯನ್ನು ಎಲ್ಲರೂ ಹೊಗಳುತ್ತಿದ್ದರು .
ಆ ಊರಿನ ಮಧ್ಯಭಾಗದಲ್ಲಿ ಒಂದು ದೊಡ್ಡ ಬಾವಿಯಿತ್ತು. ಆ ಬಾವಿಯ ನೀರು ಅತ್ಯಂತ ಸ್ವಚ್ಚ ಮತ್ತು ಸಿಹಿ ಹಾಗೂ ತಂಪಾಗಿತ್ತು. ಊರಿನ ಜನರು ಹಾಗೂ ರಾಜ ಪರಿವಾರದವರೂ ಸಹಾ ಕುಡಿಯಲು ಆ ಬಾವಿಯ ನೀರನ್ನೇ ಆಶ್ರಯಿಸಿದ್ದರು.ಆ ಊರಿನಲ್ಲಿ ಆ ಬಾವಿ ಬಿಟ್ಟರೆ ಬೇರೇ ಯಾವುದೇ ನೀರಿನ ವ್ಯವಸ್ಥೆ ಇರಲಿಲ್ಲ.
ಒಂದು ರಾತ್ರಿ ಎಲ್ಲರೂ ಮಲಗಿರುವಾಗ ಒಬ್ಬಳು ಮಾಟಗಾತಿ ಆ ಊರನ್ನು ಪ್ರವೇಶಿಸಿ ಆ ಬಾವಿಯಲ್ಲಿ ಏಳು ಹನಿ ವಿಚಿತ್ರ ದ್ರವ ಸುರಿದು ಘೋಷಿಸಿದಳು.
"ಇನ್ನು ಮೇಲೆ ಈ ಬಾವಿಯ ನೀರು ಕುಡಿದವರು ಹುಚ್ಚರಾಗುತ್ತಾರೆ "
ಮರುದಿನ ಮುಂಜಾನೆ ರಾಜ ಮತ್ತು ಅವನ ಮಂತ್ರಿಯನ್ನು ಹೊರತುಪಡಿಸಿ ಊರಿನ ಎಲ್ಲಾ ಜನರು ಆ ಬಾವಿಯ ನೀರು ಕುಡಿದು ಮಾಟಗಾತಿ ಹೇಳಿದಂತೆ ಹುಚ್ಚರಂತೆ ವರ್ತಿಸತೊಡಗಿದರು .
ಆ ದಿನದುದ್ದಕ್ಕೂ ಊರಿನ ಬೇರೆ ಬೇರೆ ಜಾಗಗಳ ಜನರೆಲ್ಲರೂ ತಮ್ಮೊಳಗೆ ಮಾತನಾಡಿಕೊಳ್ಳಲು ಪ್ರಾರಂಭಿಸಿದರು. "ಊರಿನ ರಾಜ ಮತ್ತು ಮಂತ್ರಿಗೆ ತಲೆಸರಿಇಲ್ಲ .ಇಂತಹ ಹುಚ್ಚರು ನಮ್ಮನ್ನು ಆಳಲು ಅವಕಾಶ ಮಾಡಿಕೊಡಬಾರದು.ಕೂಡಲೇ ಅವರನ್ನುಜ ಪದಚ್ಯುತಿಗೊಳಿಸಬೇಕು" ಈ ಮಾತುಗಳು ಊರಿನ ತುಂಬೆಲ್ಲಾ ಹಬ್ಬಿದವು.
ಅಂದು ಸಂಜೆ ರಾಜ ಒಂದು ಬಂಗಾರದ ಕೊಡದ ತುಂಬ ಆ ಬಾವಿಯ ನೀರನ್ನು ತರಿಸಿಕೊಂಡು ಬಾಯ್ತುಂಬ ಕುಡಿದ ಮತ್ತು ತನ್ನ ಮಂತ್ರಿಗೂ ಕುಡಿಯಲು ಕೊಟ್ಟ. ರಾತ್ರಿಯ ಹೊತ್ತಿಗೆ ಆ ಊರಿನಲ್ಲೆಲ್ಲಾ ಸಂತಸದ ತುಂಬಿಕೊಂಡಿತ್ತು.
ಊರ ಜನರು ತಮ್ಮ ರಾಜ ಮತ್ತು ಮಂತ್ರಿ ತಮ್ಮ ಹುಚ್ಚುತನ ಕಳೆದುಕೊಂಡು ಮತ್ತೆ ಮೊದಲಿನ ಹಾಗೆ ರಾಜ್ಯ ಆಳಲು ಯೋಗ್ಯರಾಗಿರುವ ಸಂಗತಿಯನ್ನು ಸಂಭ್ರಮಿಸಲು ಶುರುಮಾಡಿದರು.
ನೀತಿ ಸಮಯಕ್ಕೆ ತಕ್ಕಂತೆ ನಾವುಗಳು ಹೊಂದಿಕೊಂಡರೆ ಆ ಸಮಯವು ನಮ್ಮದಾಗುವುದು



**SHASHIDHARA**
BDM - Bangalore RO



## മാർച്ച് അന്താരാഷ്ട്ര വനിതാ ദിനം


മാർച്ച് 8, അന്താരാഷ്ട്ര വനിതാ ദിനമായി ലോകമെമ്പാടും ആഘോഷിക്കുന്നു. തങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കാനായി പോരാടിയ എല്ലാ സ്ത്രീകളുടെയും ഓർമ പുതുക്കാനുള്ള ദിനം കൂടിയാണ് മാർച്ച് 8. 1857 മാർച്ച് 8ന് ന്യൂയോർക്കിൽ സ്ത്രീകൾ അവർക്ക് ലഭിക്കുന്ന കുറഞ്ഞ വേതനത്തിനെതിരെയും കൂടുതൽ സമയം ജോലിയെടുക്കുക എന്ന അവസ്ഥക്കെതിരായും തങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുമായി നടത്തിയ ഐതിഹാസികമായ സമരമാണ് ലോകത്തെ വനിതാ ദിനം എന്ന ആശയത്തിലേക്കു നയിച്ചത്. ആദ്യമായി വനിതാ ദിനാചരണം നടന്നത് 1909 ഫെബ്രുവരി 28നു അമേരിക്കയിലാണ്. 1975 മുതലാണ് ഐക്യരാഷ്ട്ര സംഘടനയുടെ നേതൃത്വത്തിൽ മാർച്ച് 8നു അന്താരാഷ്ട്ര വനിതാ ദിനമായി ആചരിക്കാൻ ആരംഭിച്ചു. വനിതാ ദിനത്തോടനുബന്ധിച്ചു ഓരോ വർഷവും ഓരോ ആശയങ്ങൾ മുന്നോട്ടു വെക്കാറുണ്ട്. 'ഡിജിറ്റൽ ലോകം എല്ലാവർക്കും നൂതനവും സാങ്കേതിക വിദ്യയും ലിംഗ സമത്വത്തിന് (DigitALL innovation and technology for gender equality) എന്നതാണ് 2023 ലെ പ്രമേയം. അഡ്രിയൻ റിച്ച് എന്ന പ്രശസ്ത അമേരിക്കൻ കവയത്രിയുടെ വാക്കുകൾ കടമെടുത്തുകൊണ്ട് പറയട്ടെ 'ഒരു സ്ത്രീക്ക് വേണ്ടി ചെയ്യാൻ കഴിയുന്ന ഏറ്റവും മികച്ച കാര്യം അവളുടെ യഥാർത്ഥ സാധ്യതകളെ കുറിച്ച് അവൾക്ക് മനസിലാക്കി കൊടുക്കുകയാണ്. സ്ത്രീ ശാക്തീകരണം നിങ്ങളുടെ വീടുകളിൽ നിന്നും ആരംഭിക്കട്ടെ... വനിതാ ദിനാശംസകൾ


**Arun Thankappan**
Asst Branch Manager





*മലങ്കര ക്രെഡിറ്റ് സൊസൈറ്റി 'ഈമാഗസിൻ', പെറ്റൽസ് വാല്യം 16 ലക്കി ഡ്രോ മത്സര വിജയി ശ്രീ ജനാർദ്ധനൻ സിഎംഡി ശ്രീ ജിസ്സോ ബേബിയിൽ നിന്ന് സ്വർണ്ണ നാണയം ഏറ്റു വാങ്ങുന്നു.*



**SINSHA RUDRA**
Executive - Operations



**Aiswarya Sanesh**
Executive Customer Relations

# WHAT IS A FIXED DEPOSIT

A FIXED DEPOSIT ALSO KNOWN AS FD. IS AN INVESTMENT INSTRUMENT OFFERED BY OUR SOCIETY TO THE CUSTOMERS TO HELP THEM SAVE MONEY. YOU CAN CHOOSE A FIXED DEPOSIT FOR A PERIOD RANGING FROM MINIMUM 30 DAYS TO MAXIMUM 3YEARS. NOT EVERYBODY CAN SUCCESFULLY SAVE MONEY ALL THE TIME HOWEVER SAVING MONEY IS ONE OF THE MOST IMPORTANT ASPECTS OF BUILDING WEALTH.

**RATE OF INTERST**

THE INTEREST RATE ON A FIXED DEPOSIT VARIES DEPENDING ON THE TERM YOU CHOOSE.

**ASSURED RETURNS**

THE RETURNS OF A FIXED DEPOSIT ARE GUARANTEED. YOU WILL GET THE SAME RETURN AGREED AT THE TIME OF OPENING AN FD

SAVING A SMALL PORTION OF YOUR EARNINGS HELPS YOU ENJOY A QUALITY LIFE

# BACK WATER FISH FARMING









**VISHNU KV**
GROUP LOAN – ERNAMKULAM BRANCH

Dear team,

I want to tell you about "Backwater fish farming". First of all, I am not a great farmer but I am happy to be able to run my own small fish farm along with my job.

Applications are accepted every year in each panchayat for an innovative farming method called Inland Backwater Fish Farming as part of the "Subhiksha Keralam Project" under the leadership of the Department of Fisheries under the Kerala State Government. This project can be implemented in the rivers of our Panchayat with temporary license for 3 years. Every year, 40 percent of the subsidy amount of the scheme is given to the entrepreneurs as financial assistance by the government.

Studies have shown that due to the presence of ammonia in the fish obtained from the market, and as the temperature rises day by day, the availability of fish from the sea, which is the traditional source of fish,is decreasing. In this situation, the possibility of such new farming methods is increasing.

Iron frames 3 meter long, 2 meter wide and 2 meter deep are constructed in water bodies at least 3 meter deep and covered with nets.They are attached to airtight cans filled with chemical carbide and released into rivers. Small fishes are placed in such cages placed in rivers.They are fed 3 times at regular intervals according to their size and age.By doing size grading method 2 times a month, large fishes can be easily separated and marketed.

Dear Team I told you first that I am not a great farmer.I am sharing with you my own method and a little knowledge about the cage farming process.If anyone interest to do this, Contact your local fisheries department for more details.

One more thing to remember, these are not monthly income earners, if done well, you can surely earn good income in every harvest and they also make you happy by doing something you like.

*Doing What you Like is "freedom"*
*Liking what you do is "Happiness"*☺



VANIL KUMAR

# കവര് പൂത്തപ്പോൾ



എസ്. എസ്. എൽ. സി പരീക്ഷ ഡ്യൂട്ടിയുമായി ബന്ധപ്പെട്ട് കൂട്ടായി സ്കൂളിൽ ഉച്ചക്ക് ഊണ് കഴിഞ്ഞിരുന്ന് വർത്തമാനത്തിലായിരുന്നു ഞങ്ങൾ എന്ന് പറയുമ്പോൾ, പറവണ്ണസ്കൂളിൽ നിന്നും എട്ടു പേർ കൂട്ടായി സ്കൂളിൽ ഡ്യൂട്ടിക്കുണ്ട്.

വർത്തമാനത്തിടയിൽ ഞാൻ വെറുതെ ഒന്ന് മൊബൈലിൽ നോക്കിയപ്പോൾ, 'കർമ്മറോഡ്' ഗ്രൂപ്പിൽ ഒരു മെസ്സജേ. ആകാംക്ഷയോട് കൂടി ഓപ്പൺ ചെയ്തപ്പോൾ അതാ.... ഷാജിത ടീച്ചറുടെ ഒരു വീഡിയോ. അപ്പൊ വീണ്ടും ആകാംക്ഷയായി അത് എന്താ എന്നറിയാൻ. ആദ്യത്തെ ആകാംക്ഷക്ക് കാരണം എന്താണെന്ന് വച്ചാൽ കർമ്മ റോഡിൽ ഒരു മെസ്സജേ. കാരണം ഈ ഗ്രൂപ്പ് ഒരു പ്രത്യേക സാഹചര്യത്തിൽ ഉണ്ടായതാണ്. ഒരു ദിവസം ഞങ്ങടെ കൂടെയുള്ള ഒരു മാഷ് അവനെ പിള്ളേർ വിളിക്കുന്നത് 'ജിത്തൂട്ടൻ 'എന്നാണ്. കുട്ടികൾക്ക് അത്രക്ക് പ്രിയപ്പെട്ടവനാണ് 'ജിത്തൂട്ടൻ '. അതിന്റെ അഹംഭാവം ഒന്നും ഇല്ലാട്ടോ അവന്. അവൻ ഈ നാട്ടുകാരനാണ്. ആയത്കൊണ്ട് ഇവിടത്തെ നല്ല നല്ല സ്ഥലങ്ങളെല്ലാം ഞങ്ങൾക്ക് കാണിച്ചു തരണം എന്ന് ആഗ്രഹിക്കുന്ന ആളാണ്. ഒരു ദിവസം കർമ്മ റോഡിൽ പോയി അസ്തമയം കാണാം എന്ന ഓഫർ അവൻ പറഞ്ഞു, ആയതിന്റെ അടിസ്ഥാനത്തിൽ ഷബീർ അലി മാഷിന്റെ പച്ച ക്വാളിസിൽ ഞങ്ങൾ പതിനൊന്നു പേരും കൂടി ചമ്രവട്ടം മുതൽ പൊന്നാനി വരെ നിളയെ തഴുകി കടന്നു പോകുന്ന കർമ്മ റോഡിൽ പോയി അസ്തമയം കണ്ടു. അന്ന് ഉണ്ടാക്കിയതാണ് ഈ ഗ്രൂപ്പ്. പിന്നീട് ഞങ്ങൾ ഒഴിവുള്ള സമയങ്ങളിൽ എല്ലാം ഷബീറലി മാഷിന്റെ വണ്ടിയിൽ കറങ്ങാൻ പോകുന്നത് പതിവാക്കി. ആയതിന്റെ മെസ്സേജുകളും ഫോട്ടോകളും ഈ ഗ്രൂപ്പിൽ ആണ് വരുന്നത്. അതുകൊണ്ട് അതുപോലെ ഉള്ള വല്ല പരിപാടിയും ആവും എന്നാണ് കരുതിയത്. അത് എപ്പോ എന്നറിയാനുള്ള ആകാംക്ഷയായിരുന്നു...

രണ്ടാമത് നമ്മുടെ ഷാജിത ടീച്ചറുടെ മെസ്സജേ ആണ് എന്നുള്ളതാണ്. ' ഹായ് ഗെയ്സ്, ഞാൻ ഇപ്പോൾ നില്കുന്നത് വരിക്കാശ്ശേരി മനയുടെ മുൻപിലാണ് ഇതാണ് ഒരുപാട് സിനിമയിലും മറ്റും ഉള്ള ആ മന 'ഒരു യു ട്യൂബ് ചാനൽ നടത്തിക്കൊണ്ട് പോകുന്ന ആളാണ് ടീച്ചർ. അപ്പൊ അത്തരത്തിലുള്ള വല്ല സ്ഥലങ്ങളുമായിരിക്കും, അവിടേക്ക് പോകാം എന്നായിരിക്കും പറയുന്നത് എന്ന് മനസ്സിൽ തോന്നിയതാണ് രണ്ടാമത്തെ ആകാംക്ഷക്ക് കാരണം. ടീച്ചർ അയച്ച ആ വീഡിയോ ഞാൻ ഓപ്പൺ ചെയ്തു. അതിൽ ഒരാൾ വെള്ളത്തിലൂടെ നടക്കുന്നതും (കാലുകൾ മാത്രമേ കാണുന്നുള്ളൂ) നടക്കുന്നതിനൊപ്പം വെള്ളം ഇളകുമ്പോൾ വെള്ളത്തിന് ഒരു നീല കലർന്ന പച്ച നിറം ഉണ്ടാകുന്നതും കാണാം. ആളുടെ കാലിൽ നിന്നും ഒരു കൂട്ടം മിന്നാമിനുങ്ങുകൾ പുറത്തേക്ക് പോകുന്ന പോലെ. എന്താണെന്ന് മനസ്സിലാകാതെ ഞാൻ ഇരിക്കുമ്പോളാണ് അതിനടിയിലെ ഒരു വോയിസ് ക്ലിപ്പ്.. 'ഹായ് ഗെയ്സ്, ഇതാണ് കവര് പൂക്കുക എന്ന് പറയുന്നത്.... നമ്മുടെ താനൂരിലും കവര് പൂത്തിട്ടുണ്ട്. നമുക്കും പോകേണ്ടേ ഗെയ്സ് 'ആ നയനമനോഹരവും, മനസ്സ് നിറക്കുന്നതുമായ വീഡിയോ കണ്ടതിന്റെ ആവേശത്തിൽ എന്റെ ഉള്ളിൽ നിന്നും അറിയാതെ 'നമ്മൾക്കും പോയാലോ'.. എന്ന ശബ്ദം അറിയാതെ പുറത്തേക്ക് വന്നു. അപ്പൊ എല്ലാവരും ചോദിച്ചു, 'എവിടേക്ക് ?' ഞാൻ പറഞ്ഞു 'കവര് കാണാൻ '. ഇത് കേട്ടതും ബിജു മാഷ് പറഞ്ഞു, 'പോവാം മാഷേ '. ' ഇന്ന് വീട്ടിൽ പോകാൻ നിൽക്കുന്ന നിങ്ങളാണോ കവര് കാണാൻ വരണേ..' ഞാൻ ചോദിച്ചു.. അയ്യോ ഞാനില്ല എന്നായി മാഷ്.

ബിജു മാഷ് ഈ ഡ്യൂട്ടിക്ക് വരുമ്പോൾ തന്നെ, എന്നൊക്കെ ഓഫ് എടുക്കാം, എന്ന് ഓഫ് എടുത്താൽ വീട്ടിൽ കൂടുതൽ ദിവസം നിൽക്കാൻ പറ്റും എന്നൊക്ക ഗവേഷണം നടത്തിയിട്ടാണ് വന്നിരിക്കുന്നത്. കുറ്റം പറയാൻ പറ്റില്ല. കാരണം അദ്ദേഹത്തിന് രണ്ടര വയസ്സുള്ള ഒരു മോനാണു ള്ളത്. കണ്ണൂർ മയ്യിലാണ് വീട്. ആഴ്ചയിലാണ് മൂപ്പര് വീട്ടിലേക്ക് പോകാറ്. പക്ഷെ അതിന് വിഘാതം സൃഷ്ടിച്ച് ഇടക്കൊക്കെ അദ്ദേഹം മുങ്ങാറുണ്ട്. മോന്റെ ചില ഫോട്ടോസ് ഭാര്യ അയച്ചു കൊടുക്കുമ്പോൾ ആണത്. അത് പോലെ ഒരു ചിത്രം വന്നിരിക്കുന്ന സമയം ആണ്.

ഇത്തരത്തിലുള്ള പരിപാടികൾ, സിനിമ എന്നിവയ്ക്കൊക്കെ ഞങ്ങൾ മൂന്നുപേരാണ് പോകാറുള്ളത്. ഞാനും ബിജു മാഷും, ശ്രീജിത്തും. ശ്രീജിത്ത് പിന്നെ കല്യാണമൊക്കെയായി തിരക്കിലാണ്. ബിജു മാഷാണെങ്കിൽ നാട്ടിലും പോവുകയാണ്. എന്ത് ചെയ്യും കവര് പൂത്തത് കാണാൻ. ഉച്ചക്ക് ശേഷമുള്ള പരീക്ഷക്ക് ഇടയിൽ ഇതായിരുന്നു ചിന്ത.

അങ്ങനെ പരീക്ഷ കഴിഞ്ഞ് വീട്ടിലെത്തി പേപ്പറ് നോക്കലും മറ്റും ആയി സമയം പോയതറിഞ്ഞില്ല. രാത്രി പത്ത് മണിയോടെ ഞാൻ മൊബൈൽ നോക്കിയപ്പോൾ അതിലുണ്ടല്ലോ ബിജു മാഷിന്റെ മെസ്സേജ്. ഞങ്ങൾ പന്ത്രണ്ട് മണിയാവുമ്പോൾ അവിടെ എത്തും, റെഡിയല്ലേന്ന്. ഞാൻ തിരിച്ച് വിളിച്ചു കാര്യങ്ങൾ അന്വേഷിച്ചപ്പോൾ, ബിജു മാഷ് വീട്ടിലേക്ക് പോയിട്ടില്ല. ശ്രീജിത്ത്, രഞ്ജിത്, മനു, ഷൈൻ മാഷ് എന്നിവരും ഉണ്ടത്രേ. അതെന്തായാലും നന്നായി കുറച്ചു ആളുകൾ ഉള്ളത് നല്ലതാ.. രാത്രിയല്ലേ ഞാൻ വിചാരിച്ചു. അങ്ങനെ ഞങ്ങൾ ആറു പേരും കൂടി മൂന്നു ബൈക്കുകളിലായി കവര് കാണാൻ പുറപ്പെട്ടു. താനൂര് കടപ്പുറത്തേക്ക് പോകേ ശ്രീജിത്ത് വേറെ വഴി പോയപ്പോൾ ഞാൻ പേടിച്ചു അവർ കടലിൽ നിന്നും അകലത്തിലോട്ടാണല്ലോ പോണത്. കടലിലല്ലേ കവര്....

അപ്പൊ ബിജു മാഷ് പറഞ്ഞു പുഴയിലാണത്രെ...

'എന്താ ബിജു മാഷേ നിങ്ങള് വീട്ടിൽ പോവാത്തത് 'എന്ന് ഞാൻ ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞ മറുപടി എന്നെ വല്ലാതെ സ്പർശിച്ചു.. ' നിങ്ങൾ പറഞ്ഞ ഒറ്റ വരിയാണ് ഞാൻ വീട്ടിൽ പോവാതിരിക്കാൻ കാരണം '. അതെന്താ എന്ന് ഞാൻ ചോദിച്ചപ്പോൾ "നിങ്ങള് വീട്ടിൽ പൊയ്ക്കോ, പക്ഷെ കണ്ണൂര് ഇത് കാണാൻ പറ്റും എന്ന് തോന്നുന്നില്ല. ഇത് പ്രകൃതിയുടെ ഒരു അപൂർവ്വ പ്രതിഭാസമാണ്. ഇത് ജീവിതത്തിൽ എല്ലാവർക്കും കാണാൻ പറ്റും എന്ന് തോന്നുന്നില്ല. നമ്മൾ അവിടെ

ആയതുകൊണ്ടാണ് നമുക്ക് ഇത്തരത്തിലൊരു അവസരം വന്നത്. ഇത് നമുക്കുള്ള അവസരം. ആണെന്ന് എനിക്ക് തോന്നുന്നു. " എന്ന്.

അങ്ങനെ ഞങ്ങൾ ഇരുപത് മിനിറ്റോളം യാത്ര ചെയ്ത് ഒരു വലിയ കുളത്തിന്റെ അവിടെ യെത്തി വിണ്ട നിർത്തി ഇവിടെയായിരിക്കും എന്ന് പറഞ്ഞ് നിൽക്കുകയായിരുന്നു. അപ്പോൾ ശ്രീജിത്ത് ആരെയോ വിളിച്ച് ചോദിക്കുന്നുണ്ട്. അപ്പോൾ ഞങ്ങൾക്ക് മുന്നിൽ ഒരു ഓട്ടോറിക്ഷ വന്നു നിന്നു. അതിൽ ഒരു പ്രായമായ ഉമ്മച്ചി പുറകിൽ ഇരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടു. അവർ വന്ന് ഞങ്ങളോട് ചോദിച്ചു 'ഇവിടെയാണോ കവര്". അപ്പൊ മനു പറഞ്ഞു 'എന്നാ പറഞ്ഞത്, അത് കാണാനാ ഞങ്ങളും വന്നിരിക്കുന്നത് '. അപ്പോൾ ഓട്ടോക്കാരൻ വണ്ടി കുറച്ചു കൂടി മുന്നോട്ടു നിർത്തി ആരോടോ ചോദിച്ചിട്ട് ഞങ്ങളോടായി പറഞ്ഞു 'ഇവിടെ യല്ല കുറച്ചു കൂടി പോണം. ഞങ്ങടെ കൂടെ പോന്നോളൂ ' ന്ന്.. അത് കേട്ട് ഞാൻ അത്ഭുതപ്പെട്ടുപോയി. 'ആ വല്യുമ്മച്ചിയും കവര് കാണാനോ.. ഭ്രാന്തായോ അവർക്കൊക്കെ' എന്നൊക്കെ പറഞ്ഞ് ഞങ്ങൾ ഓട്ടോറിക്ഷയെ പിൻതുടർന്നു.

മെയിൻ റോഡിൽ നിന്നും ഓട്ടോറിക്ഷ ഒരു പോക്കറ്റ് റോഡിലേക്ക് തിരിഞ്ഞു. അപ്പോൾ വലത് ഭാഗത്തായി ഒരു പോലീസ് ജീപ്പ് നിർത്തിയിട്ടിരിക്കുന്നു.. അത് കഴിഞ്ഞു മുന്നോട്ട് പോകും തോറും ആളുകൾ തിരിച്ചു വരുന്നുണ്ട്. വണ്ടികളുടെ തിരക്ക് കൂടി. കുറച്ചു കൂടി ചെന്നപ്പോൾ ഒരു വഴി വലത് വശത്തേക്ക് പോകുന്നുണ്ട്. അതിന് മുൻപായി റോഡിൽ ഒരു ചെറിയ ചട്ടപേപ്പറിൽ കവര് എന്ന് മാർക്കർ കൊണ്ട് എഴുതി വലത്തോട്ട് ഒരു ആരോമാർക്ക് ഇട്ടിരിക്കുന്നു. അതും കടന്ന് ഞങ്ങൾ പോകുന്നതിനിടയിൽ വാഹനങ്ങളുടെ എണ്ണം കൂടുന്നു. തിരക്ക് കൂടി വാഹനഗതാഗതം തടസ്സപ്പെടുന്നു. വഴിക്ക് ഇരുവശവും താൽക്കാലിക ഷെഡ്ഡുകളും മറ്റും ഒരുക്കി ചായയും വെള്ളവും ഓംലെറ്റും തട്ടുസാധനങ്ങളും നിരത്തി വച്ചിരിക്കുന്നു. കുറച്ചെത്തിയപ്പോൾ വാഹനങ്ങൾ പോകാൻ പറ്റാത്ത അത്ര തിരക്കായി രണ്ട് ദിശകളിലേക്കും ആളുകൾ സഞ്ചരിക്കുന്നു. ഒരുപാട് കുടുംബങ്ങൾ തന്നെ വന്നിരിക്കുന്നു. സ്ത്രീകളും കുട്ടികളും വയസ്സായ ജനങ്ങളും മറ്റും അതിശയമായിപ്പോയി. ഇത്രയും ജനങ്ങളോ, എന്തായിത്, ഇത് ഇത്രക്ക് പ്രാധാന്യമുള്ള കാര്യമാണോ എന്നൊക്കെ തോന്നി. എന്തായാലും കാണാൻ പോവുകയല്ലേ... അങ്ങനെ വണ്ടി നിർത്തി ഞങ്ങൾ നടക്കാൻ തുടങ്ങി. നല്ല തിരക്കുണ്ട്. അര കിലോമീറ്ററോളം നടന്നപ്പോൾ ഒരു തെങ്ങിൻ പറമ്പെത്തി. അപ്പോൾ അകലെയായി ആളുകളുടെ മൊബൈൽ വെളിച്ചം മിന്നാമിനുങ്ങുകളെപോലെ കാണാനുണ്ട്. അങ്ങനെ ഞങ്ങളും അങ്ങോട്ട് നടന്നു. കുറച്ചെത്തിയപ്പോൾ നല്ല ചേറിന്റെ മണം വരുന്നുണ്ട്. ഇലകളൊക്ക വീണ് ചീഞ്ഞ ചളിയുടെ മണം. മൂക്കുപൊത്തി നടക്കേ ഗതികേടാണെങ്കിലും കവര് അതാണ് ലക്ഷ്യം. നടക്കുന്നതിന് രണ്ട് വശത്തും വെള്ളം, ചളി പോലുള്ള മണ്ണിലൂടെയാണ് നടക്കുന്നത്. മൊബൈൽ ഫ്ലാഷ് ലൈറ്റ് ഓണാക്കിയാണ് നടക്കുന്നത്. അപ്പോൾ ആളുകൾ അവിടെ നിന്ന് വിളിച്ചുപറയുന്നുണ്ട് ലൈറ്റ് ഓഫ് ആക്കാൻ... എങ്ങനെയൊക്കെയോ നടന്ന് കൽകാടുകൾ എന്ന് തോന്നിക്കുന്ന സ്ഥലത്തെത്തിയപ്പോൾ കെട്ടിക്കിടക്കുന്ന വെള്ളത്തിൽ ആളുകൾ ഇറങ്ങി കാലുകൊണ്ടും കൈകൾ കൊണ്ടും ഇളക്കുന്നുണ്ട്. ആ വിഡിയോയിൽ കണ്ടത് പോലെ. മിന്നാമിന്നി ക്കൂട്ടങ്ങളെ അവർ അഴിച്ചും വിതറിയും വിടുന്നത് പോലെ അതി മനോഹരമായ കാഴ്ച.

ഇത് കണ്ടതും ബിജു മാഷ് വെള്ളത്തിലേക്ക് ചാടിയിറങ്ങി,'ശ്രീജിത്തേ ആപ്പിളെടുത്തോ, വീഡിയോ പിടിച്ചോ ' എന്ന് പറഞ്ഞ് വെള്ളം ശക്തിയായി ഇളക്കാൻ തുടങ്ങി.. ആ കാഴ്ച്ച നല്ല രസമായിരുന്നു.. ശ്രീജിത്തിന് ക്യാമറയിൽ ഒന്നും കിട്ടുന്നില്ല. പ്രകൃതിക്ക് ഒരു വാശിയുള്ളത് പോലെ എനിക്ക് തോന്നി. പ്രകൃത്യാലുള്ള സൗകര്യം ഉപയോഗിച്ച് കണ്ടാൽ പോരെ എന്ന് പ്രകൃതി ചോദിക്കുന്ന പോലെ.

ഞാൻ പറയാലോ പകൽ വെളിച്ചത്തിൽ ആണെങ്കിൽ ഒരാൾ പോലും ആ വെള്ളത്തിൽ അറിയാതെ പോലും ചവിട്ടാൻ ആഗ്രഹിക്കില്ല എന്നാണ് തോന്നണത്. അത്രക്ക് ചളിയും മണവും ഉണ്ട് അതിന്. അതൊന്നും ആ സമയം ബിജു മാഷിന് ഒരു പ്രശ്നമായില്ല. അല്ലെങ്കിലും ആ മനുഷ്യന്റെ സ്വഭാവം അങ്ങനെയാണ്. ഒരു കാര്യവും സംശയമാക്കി വക്കില്ല. ആ സംശയം അപ്പൊ തന്നെ തീർത്തിട്ടേ അദ്ദേഹം വരൂ.... പ്രകൃതിയുടെ മായാജാലം കണ്ട് ഞങ്ങളങ്ങനെ നിൽക്കുകയാണ് .... വെള്ളം കൈയിലെടുത്ത് മേലേക്ക് എറിയുമ്പോൾ ഒരു കൂട്ടം മിന്നാമിന്നികൾ കൈയ്യിൽ നിന്നും രക്ഷപ്പെട്ട് പറന്നകലുന്ന പോലെ .... മനോഹമായ കാഴ്ച്ചയാണ് പ്രകൃതി നമ്മുക്ക് ഈ മണം വമിക്കുന്ന ചേറിലും ഒരുക്കിയിരിക്കുന്നത്. കാഴ്ച്ചക്ക് മതി മറന്ന് നിൽക്കുന്ന സമയത്ത് എന്റെ ദേഹത്തേക്ക് ഒരു ഡസനോളം മിന്നാമിന്നികൾ പറന്ന് വന്ന് എന്റെ മുഖത്തും ഷർട്ടിലുമായി വീണ് നിറം നഷ്ട്ടപ്പെട്ടു ....അവ മരിച്ചു വീണതാണോ .... ഞാൻ കൈക്കൊണ്ട് തടവി നോക്കി ഒരു നനവാണ് അനുഭവപ്പെട്ടത് അത് മൂക്കിനോട് അടുപ്പിച്ചപ്പോൾ എന്റെ മനസ്സിലെ ആരോഗ്യ വിഭാഗം ഉണർന്നു .... ഇതിൽ ഇറങ്ങി കളിച്ചാൽ വല്ല ഇൻഫെക്ഷനും ആവില്ലേ .... എലിപ്പനി മുതലായ അസുഖങ്ങൾക്ക് കാരണമാകില്ലേ .... ചോദ്യങ്ങൾ ഒന്നൊന്നായി ഉയർന്ന് വരുന്നുണ്ടായിരുന്നു .....

അങ്ങനെ കവര് പൂത്തത് കണ്ട് മനം നിറഞ്ഞു ഞങ്ങൾ വീട്ടിലേക്ക് തിരിച്ചു. എല്ലാവർക്കും കാണാൻ പറ്റാത്ത ഒരു കാര്യം കണ്ടതിന്റെ ആഹ്ലാദത്തിൽ വീട്ടിലെത്തി കിടന്നുറങ്ങി. അതിനു മുൻപേ ... ഉറക്കത്തിൽ നിന്നും എണീറ്റ ഭാര്യയോട് പറയാനും മറന്നില്ല. അങ്ങനെ ആ സന്തോഷത്തിൽ കിടന്നുറങ്ങി... പരീക്ഷഡ്യൂട്ടിക്ക് ബെല്ലടിച്ചിട്ടും ബിജു മാഷിനെ കാണാനില്ല.. ഞാൻ മാഷിനെ അന്വേഷിച്ചു നടന്നു അപ്പോ ബിജു മാഷിന്റെ നേരിയ ശബ്ദം ... മാഷേ ..ഞാൻ ഇവിടെ ഉണ്ട് .... നമ്മളുടെ മനസ്സിൽ മാത്രമല്ല മാഷേ കവര് പൂത്തത് എന്റെ ശരീരത്തിലും പൂത്തു.. ഇങ്ങോട്ട് വര മാഷേ..... ആ ICU നിന്നും ആംഗ്യ ഭാഷയിൽ വിളിച്ച് പറയുന്നത് ഞാൻ കണ്ടു... ശരി മാഷേ എങ്കിൽ ഞാൻ പോട്ടെ ... പോകണമെങ്കിൽ ആദ്യം എണീക്കണം .. ആദ്യം എണീക്ക് മനുഷ്യാ എന്ന് നിത്യ പറയുമ്പോഴാണ് ഞാൻ എണീറ്റത്... കവര് കണ്ട് നടന്നോ... പരീക്ഷ ഡ്യൂട്ടിക്കൊന്നും പോകണ്ട... അവൾ പിറു പിറുത്തു. എണീറ്റ ഉടൻ ഞാൻ ബിജു മാഷേ വിളിച്ചു .... അപ്പോഴാണ് സമാധാനമായത്.... അദ്ദേഹം വീട്ടിൽ തന്റെ മകനോടൊപ്പം ഇരുന്ന് ചായ കുടിക്കുകയായിരുന്നു.....

# PRODUCT OF THE MONTH

MMS 5 YEARS FD 9.75% WITH INTEREST PAYOUT

| Sl No. | DEPOSIT AMOUNT | MONTHLY | QUARTERLY | HALF YEARLY | YEARLY |
|---|---|---|---|---|---|
| 1 | 100000 | 813 | 2438 | 4875 | 9750 |
| 2 | 200000 | 1625 | 4875 | 9750 | 19500 |
| 3 | 500000 | 4063 | 12188 | 24375 | 48750 |
| 4 | 1000000 | 8125 | 24375 | 48750 | 97500 |

MCS 5 YEARS FD 10% CUMULATIVE

| Sl No. | DEPOSIT AMOUNT | MATURITY VALUE |
|---|---|---|
| 1 | 100000 | 164532 |
| 2 | 200000 | 329066 |
| 3 | 500000 | 822650 |
| 4 | 1000000 | 1645311 |

## പാചക രംഗം

# അമ്മിണി കൊഴുക്കട്ട





**SUJA REJISH**
TEAM LEADER
TELECALLING

### ആവശ്യമുള്ള സാധനങ്ങൾ

- വെള്ളം ഒന്നേ മുക്കാൽ കപ്പ്
- അരിപ്പൊടി ഒരു കപ്പ്
- ഉപ്പ് ആവശ്യത്തിന്
- വെളിച്ചെണ്ണ 1 ടീസ്പൂൺ
- കാൽ തേങ്ങ ചിരകിയത്
- ചെറിയ ഉള്ളി 3 എണ്ണം
- പെരുംജീരകം 1 നുള്ള്
- മഞ്ഞൾപ്പൊടി കാൽ ടീസ്പൂൺ
- കടുക് 1 ടീസ്പൂൺ
- ഉണക്കമുളക് 3 എണ്ണം
- കറിവേപ്പില രണ്ട് തണ്ട്

### തയ്യാറാക്കുന്ന വിധം

1.ഒരു പാനിൽ വെള്ളം എടുത്ത് സ്റ്റൗവിൽ വച്ച് ചൂടാക്കുക. അതിലേക്ക് ഉപ്പും വെളിച്ചെണ്ണയും ചേർക്കുക. നന്നായി ചൂടാകുമ്പോൾ അരിപ്പൊടി ചേർത്ത് ഇളക്കുക. വെള്ളം വറ്റി കഴിയുമ്പോൾ സ്റ്റൗ ഓഫ് ചെയ്ത് അടച്ചുവയ്ക്കുക.

2.ഒന്നു തണുക്കുമ്പോൾ പാത്രം തുറന്ന് അരിപ്പൊടി നന്നായി ഉടച്ച് മാവ് നന്നായി കുഴച്ചെടുക്കുക.

3. ശേഷം അതിൽ നിന്നും അൽപ്പാൽപ്പം നുള്ളിയെടുത്ത് ചെറിയ ചെറിയ ഉരുളകളായി മാറ്റുക.

4. ഈ അരിയുണ്ടകൾ ഇഡ്ഡലി തട്ടിൽ വെച്ച് ആവി കയറ്റി വേവിച്ചെടുക്കാം.

5. ചിരകി വച്ച തേങ്ങ, ചെറിയ ഉള്ളി, പെരുംജീരകം, മഞ്ഞൾപൊടി എന്നിവ ഒരു മിക്സിയിലിട്ട് വെള്ളം ചേർക്കാതെ അരച്ചെടുക്കുക.

6. മറ്റൊരു പാൻ എടുത്ത് വെളിച്ചെണ്ണ ഒഴിച്ച് കടുക് പൊട്ടിച്ച് കറിവേപ്പിലയും ഉണക്കമുളകുമിട്ട് വഴറ്റുക. ഇതിലേക്ക് അരപ്പ് കൂടി ചേർത്തിളക്കുക. ഒന്ന് ചൂടായി വരുമ്പോൾ അതിലേക്ക് വേവിച്ചുവച്ച കൊഴുക്കട്ട ചേർത്ത് ഇളക്കി യോജിപ്പിക്കാം.

## ചങ്ങാത്തം കൂടാം ചെറുധാന്യങ്ങളുമായി :അമിതവണ്ണം കുറയ്ക്കും, രോഗപ്രതിരോധശേഷി കൂട്ടും

**ചെ**റുധാന്യങ്ങൾ അഥവാ മില്ലെറ്റുകൾ പോഷകങ്ങളുടെ കലവറയാണ്. ഇന്ത്യയിൽ പല ഇനത്തിൽപ്പെട്ട മില്ലെറ്റുകൾ പരമ്പരാഗതമായി കൃഷി ചെയ്യുകയും തദ്ദേശീയ ധാന്യമായി ഉപയോഗിച്ചു വരികയും ചെയ്യുന്നു. ബജ്റ, ചോളം, റാഗി, ചാമ, തിന, പനിവരഗ്, കുതിരവാലി അല്ലെങ്കിൽ കവടപ്പുല്ല് എന്നിവ നമുക്ക് പരിചിതമായ ചെറുധാന്യങ്ങളാണ്. ഇന്ത്യയുടെ ശുപാർശപ്രകാരം ഐക്യരാഷ്ട്രസഭ 2023നെ അന്താരാഷ്ട്ര ചെറുധാന്യവർഷം അഥവാ ഇന്റർനാഷണൽ ഇയർ ഓഫ് മില്ലെറ്റ് ആയി പ്രഖ്യാപിച്ചിരിക്കുകയാണ്.



ചെറുധാന്യങ്ങളുടെ പേരുകൾ

| ഇംഗ്ലീഷ് | മലയാളം |
|---|---|
| 1. Pearl millet / Bajra | കമ്പം |
| 2. Sorghum | ചോളം |
| 3. Finger millet / Ragi | റാഗി/പഞ്ഞപ്പുല്ല് |
| 4. Foxtail millet | തിന |
| 5. Kodo millet | കൂവരക് |
| 6. Little millet | ചാമ |
| 7. Proso millet | വരക്/വരക്അരി |
| 8. Barn yard millet | കവടപ്പുല്ല് |

പ്രമേഹവും അനുബന്ധ രോഗങ്ങളും കാൻസറും പിടിമുറുക്കുന്ന ഇക്കാലത്ത് അവയെ ചെറുക്കുന്ന ഭക്ഷണ രീതി നാം സ്വീകരിക്കണം. കുറഞ്ഞ തോതിൽ കൊഴുപ്പും ഊർജമൂല്യവും ഉയർന്ന അളവിൽ പ്രോട്ടീനും ഭക്ഷ്യനാരും ധാതുലവണങ്ങളുംഅടങ്ങിയ ഭക്ഷണമാണ് ജീവിതശൈലീരോഗങ്ങളെ മറികടക്കാനുള്ള മന്ത്രമായി ആരോഗ്യവിദഗ്ധർ ചൂണ്ടിക്കാട്ടുന്നത്. ഇങ്ങനെ ഒരു മാന്ത്രികഭക്ഷണമുണ്ടോ എന്ന ചോദ്യത്തിന് ഉണ്ടെന്നു തന്നെ ഉത്തരം. മേൽപറഞ്ഞ ഗുണങ്ങളെല്ലാം ഒത്തുചേർന്ന ചെറുധാന്യങ്ങളെ സൂപ്പർ ഫുഡ് എന്നു വിശേഷിപ്പിക്കുന്നു ആധുനിക വൈദ്യശാസ്ത്രം.

ഭക്ഷ്യനാരുകളുടെ സമ്പന്നതയും അന്നജത്തിന്റെ കുറവും പ്രമേഹരോഗികൾക്കു പറ്റിയ ലോഗ്ലൈസീക് ഇൻഡക്സ് (Low GI food) ഭക്ഷണമാക്കുന്നു. അതായത് ദഹനത്തിനുശേഷം വളരെ താഴ്ന്ന അളവിലേ രക്തത്തിലെ പഞ്ചസാരയുടെ അളവ് കൂടുക. ഇവ കഴിച്ചാല് ഇൻസുലിന്റെ ആവശ്യകത കുറയും. ചെറുധാന്യങ്ങളിൽ പ്രധാന ധാന്യങ്ങളെ അപേക്ഷിച്ച് പ്രോട്ടീന്റെ അളവ് കൂടുതലാണ്. ഉയർന്ന ധാതുലവണ സാന്നിധ്യവും ജീവകങ്ങളുടെ അളവും അവയെ ശരീരസംരക്ഷണത്തിന് സഹായിക്കുന്ന സംരക്ഷിതാഹാരമാക്കുന്നു. (Protective food). ഗോതമ്പിലുള്ള ഗ്ലൂട്ടൻ എന്ന പ്രോട്ടീൻ ഇല്ലാത്തതിനാൽ ഗ്ലൂട്ടൻ അലർജിയുള്ളവർക്ക് ചെറുധാന്യങ്ങൾ യോജ്യമാണ്.



**RALIKA PR**
Senior Executive - Agriculture Hydroponics

ഇക്കാരണങ്ങളാല് ചെറുധാന്യങ്ങള് ഉപയോഗിച്ചു തയാറാക്കുന്ന ഭക്ഷ്യവസ്തുക്കള്ക്ക് വിപണിയില് ആവശ്യക്കാരേറുന്ന കാലമാണിപ്പോള്. അതുകൊണ്ടുതന്നെ ഇത്തരം ഭക്ഷ്യവസ്തുക്കള് തയാറാക്കി വിപണിയിലെത്തിക്കുന്ന സംരംഭങ്ങള്ക്കു വൻ സാധ്യതകളാണ് ഉരുത്തിരിയുന്നത്. ചെറുധാന്യങ്ങള് ഉപയോഗിച്ചു . ചപ്പാത്തി, ഹെൽത്ത് മിക്സുകൾ, നൂഡിൽസ്, ബിസ്കറ്റുകൾ, കേക്കുകൾ, മുറുക്ക്, പക്കാവട തുടങ്ങി പാചകം ചെയ്തോ നേരിട്ടോ കഴിക്കാവുന്ന ഏതു ഭക്ഷ്യവസ്തുവും ഉണ്ടാക്കാം. ജീവിതശൈലീരോഗമുള്ളവര്ക്കും അല്ലാത്തവര്ക്കും ഇവ മികച്ച ആരാഗ്യ ഭക്ഷണമായിരിക്കുമെന്നതില് സംശയമില്ല. ചെറുധാന്യങ്ങള് മുളപ്പിച്ച് ഉണക്കിപ്പൊടിച്ചു ചേർത്താൽ ഇവയുടെ ഗുണം പതിൻമടങ്ങാകും. മുളപ്പിച്ച ധാന്യങ്ങൾ അരച്ച് വെള്ളം ചേർത്തു നേർപ്പിച്ച് അരിച്ചു കുറുക്കി കഴിക്കുന്നതും ശരീരത്തിനു ഗുണം ചെയ്യും. റാഗി പോലുള്ള ചെറുധാന്യങ്ങൾ ഇപ്രകാരം കഴിക്കുന്നത് പ്രായമായവർക്കും ഗർഭിണികൾ പ്രായമായവർക്കും ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മമാർക്കും വളരെ പ്രയോജനപ്രദമാണ്.

## TOP PERFORMERS AM (ASSIST TO MEMBER)




**USHA ROY**
**10 LAKHS**




**SHINCY HARIHARAN**
**2 LAKHS**




**TIJO THOMAS**
**1.56 LAKHS**

# அருமையான வாழ்க்கை வா சில அனுபவ முத்துக்கள்

**காலம் தாழ்த்துதல்:**
செய்கின்ற வேலையை இன்றே, இப்போதே செய்து முடிக்க வேண்டும். சோம்பலின் காரணமாகவோ, அல்லது பிற மதிப்பே இல்லாத காரணங்களுக்காகவோ, உங்களுடைய வேலையை தள்ளிப்போடதீர்கள். நாளைக்கு பார்த்துக் கொள்ளலாம் என்ற எண்ணம் வரவே கூடாது. இளையோர்களும், மாணவர்களும் அவதிக்கு உள்ளாவதற்கு முக்கிய காரணம் காலம் தாழ்த்துவது ஆகும். நீங்கள் ஒரு விஷயத்தை தள்ளி போட்டால், அதை தொடர்ந்து உங்களுக்கு வரவேண்டிய சலுகைகளும், லாபங்களும் தள்ளிப்போகும். எனவே, காலம் தாழ்த்தாமல் கடைமையை முடிக்க வேண்டும்.

**வீணாக நேரத்தை போக்குவது:**
செல்போனில் தொடங்கி, டிவி ரிமோட் மூலம் சேனலை மாற்றி மாற்றி பலர் பயனே இல்லாமல் பொழுதை கழிக்கின்றனர். இது போன்ற காரியங்கள், செயல்களால் அவர்களுக்கும் பயன்கிடைக்காது, மற்றவர்களுக்கும் பயன்கிடையாது. பொழுதுபோக்குவதற்கும், பொழுதை பயனுள்ளதாக கழிப்பதற்கும் நிறைய வித்தியாசங்கள் உண்டு. டிவியில் காமெடி நிகழ்ச்சிகள் பார்ப்பது என்றாலும், குறைந்தபட்சம் அதனை பார்ப்வர்காவது சிரித்து மகிழ்ந்து, மனஅமைதி பெறுவர். எனவே, உங்களுக்கான நேரம் மிகமிக மதிப்பு வாய்ந்ததாகும் அதனை பயனுள்ளதாக கழிக்க வேண்டும்.

**சுயகட்டுபாடு:**
சுயகட்டுபாடு என்பதும் மிகமிக முக்கியமானது ஆகும். சுயகட்டுபாடு இல்லாமல் இஷ்டத்துக்கு தூங்கி எழுவது, இஷ்டத்துக்கு அளவுக்கு அதிகமாக சாப்பிடுவது என மனம் போன போக்கில் இருக்கக்கூடாது. உங்களுடைய ஒவ்வொரு நொடியிலும், ஒவ்வொரு செயல்களிலும் சுயகட்டுபாடு இருக்க வேண்டும். எப்போதும் விழிப்பு நிலையில் இருக்க வேண்டும்.

**பொழுது விடிந்த பிறகும் தூங்குவது:**
வேலை இருக்கிறதோ இல்லையோ, அதிகாலை எழுந்து விட வேண்டும். ஒரு நாள் எப்படி அமைகிறது என்பது நீங்கள் அன்றைய தினம் காலையில் எழுந்திருக்கும் நேரத்தை பொறுத்தும், முதலில் செய்யும் செயல்களைப் பொறுத்தும் அமைகிறது. எனவே, லேட்டாக எழுந்திருக்கும் பழக்கத்தை மாற்றிக் கொள்ளுங்கள். காலையில் சீக்கரமாக எழுந்திருக்க வேண்டும். அதற்கு ஏற்றவாறு, இரவில் சீக்கிரம் உறங்க சென்று விட வேண்டும்.

**எதற்கு முன்னுரிமை கொடுக்க வேண்டும்:**
இதுவும் கிட்டத்தட்ட திட்டமிடலுக்கு சமமானது ஆகும். எந்த செயலை முதலில் செய்ய வேண்டும், எந்த செயலை பிறகு செய்ய வேண்டும் என்ற பகுப்பாய்வு செய்து பழக வேண்டும். நாளை வங்கிகளுக்கு விடுமுறை என்று அறிவிக்கப்பட்டால், வங்கி சம்பந்தப்பட்ட காரியங்களை இன்றே முடித்து விட வேண்டும். இதற்காக இன்றைய வேலைகளையும் சிறிது நேரம் ஒத்தி வைக்கலாம். இது போன்று எதற்கு முன்னுரிமை கொடுக்க வேண்டும், எந்த செயலை முதலில் செய்ய வேண்டும் என்று சிந்தனை வேண்டும். இதனை தொடர்ந்து கடைபிடிக்க வேண்டும்
மேற்கூறியவைகளை கடைப்பிடித்து வாழ்க்கையை இன்பமாக வாழுங்கள்

JANARDHANAN



# FUN FROLIC





James Al


Ajith



Helna


Lina



Prasanth


Sajith MV


jayja V


Rohith NR


Sabna


Jerin


Sathyadas


Ramya

Wedding


Nithin & Sabna


Nixon & Binitha

## INDUCTION PROGRAM FOR NEW EMPLOYEES


**From left to right (Top row): Dhaneesh k, Sayana George, Nithya M, Mahalakshmi, Sumesh p, Joseph Stebin AJ, Naveen Babu, Seethal K S, Basil K Baby Second row (from left to right) Sathish Babu, Krishna K K( Sr executive HR), Prakash A H(DGM - Vehicle loan), Rameshkumar ( Vigilance officer),Neethu V N( Trainer)**


**From left to right : Athulya M P , Neethu Krishna, Pawsan A V CGM), Binu T, Meera K Kunjumon**


**From left to right ( Top row) :Reshma K R, Princy Sabu, Nimisha C S, Abhinand M A, Joseph K Thomas, Tony Thomas, Akhil Madhu Second row ( from left to right) Akhil P, Francis Antony ( DGM - CMRD), Jose M L ( Chief Manager - Operations ), Ragu Viswanath ( AGM - Secretarial Department )**


**Top row ( From left to right) : Nithin M V, saranya E S, Libin Raj, Shiyas shereef, Jeevan Sabu, Aravind Babu, Neethu V N(Trainer) Bottom row( From left to right) Vivin Vijayapalan(Secretary ), Nighitha ( IT support ), Ramesk K(GM), Ragu Viswanath(AGM - Secretrarial Dept.), Jose M L( Chief manager - Operations )**

PETALS of Malankara




# Answer & Win!

1. Malankara Monthly Scheme(MMS)*ന്റെ* Interest rate *എത്രയാണ്?*
2.Malankara Cumulative Scheme(MCS)*ന്റെ കാലാവധി എത്രയാണ്?*

**മുകളിലുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരം നൽകൂ, 9072597329 എന്ന നമ്പറിലേക്ക് നിങ്ങളുടെ അംഗത്വ ഐഡിയും മുഴുവൻ പേരും മൊബൈൽ നമ്പറും സഹിതം** WhatsApp **ചെയ്യൂ**
**അല്ലെങ്കിൽ** media@mmsccs.com **ലേക്ക് ഇമെയിൽ ചെയ്യുക**

Terms and conditions apply for members only

## നിബന്ധനകളും വ്യവസ്ഥകളും

1. മലങ്കര ക്രെഡിറ്റ് സൊസൈറ്റിയാണ് ഭാഗ്യ നറുക്കെടുപ്പ് മത്സരം നിങ്ങളിലേക്ക് കൊണ്ടുവരുന്നത്
2. പങ്കെടുക്കാൻ യോഗ്യത നേടുന്നതിന്, നിങ്ങൾ മലങ്കര ക്രെഡിറ്റ് സൊസൈറ്റിയിൽ അംഗമായിരിക്കണം
3. മലങ്കര ക്രെഡിറ്റ് സൊസൈറ്റി ജീവനക്കാർക്ക് മത്സരത്തിന് അർഹതയില്ല
4. 2023 ജൂൺ 5, ഉച്ചയ്ക്ക് 12 മണി വരെ നിങ്ങൾക്ക് ഉത്തരങ്ങൾ അയക്കാം.
5. എല്ലാ ചോദ്യങ്ങൾക്കും നിങ്ങൾ ശരിയായി ഉത്തരം നൽകിയാൽ നിങ്ങൾക്ക് ഒരു ഭാഗ്യ നറുക്കെടുപ്പിന് അർഹതയുണ്ട്.
6. ചോദ്യങ്ങൾക്ക് ശരിയായി ഉത്തരം നൽകിയ അംഗങ്ങൾക്കിടയിൽ ഇത് നടപ്പിലാക്കും.
7. 2023 ജൂൺ 6ന് നറുക്കെടുപ്പിലൂടെ വിജയിയെ  തിരഞ്ഞെടുക്കും.
8. നറുക്കെടുപ്പിലെ വിജയിക്ക് സ്വർണ്ണ നാണയം ലഭിക്കും

## *APRIL*- Liability Products

1st

18.50 Lacs



Deepa Mol
Branch Manager Ernakulam

2nd

12 Lacs



Ratheesh
Assistant manager

3rd

10.01 Lacs



KS Prakash
Senior Manager-Internal Audit